**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2765** **17-03-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ ഐ.ജി യുടെ സർക്കുലർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പുറപ്പെടുവിച്ച ഐ.ജി.ആർ/3749/2021/ഇ8 നമ്പർ സർക്കുലർ പ്രകാരം വകുപ്പിലെ പുരുഷ അറ്റൻഡർമാർ തുടർച്ചയായി എത്ര മണിക്കൂർ സേവനം അനുഷ്ഠിക്കേണ്ടതായുണ്ടെന്ന് വിശദമാക്കാമോ; ഇത്തരത്തിൽ സർക്കുലർ പുറപ്പെടുവിച്ചത് ചട്ടലംഘനമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | പകൽ ഡ്യൂട്ടി നോക്കേണ്ട ജീവനക്കാർ രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയും, രാത്രി കാവൽ ഡ്യൂട്ടി നോക്കേണ്ട ജീവനക്കാർ വൈകുന്നേരം 5.30 മുതൽ അടുത്ത ദിവസം രാവിലെ 9.30 വരെയുമാണ് ഡ്യൂട്ടി നോക്കേണ്ടത്. ടേൺ അടിസ്ഥാനത്തിൽ ജില്ലയിലെ ഒരു പുരുഷ ഓഫീസ് അറ്റൻഡന്റിനെ 15 ദിവസം രാത്രി കാവലിന് നിയോഗിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കേരള രജിസ്ട്രേഷൻ മാന്വൽ ഉത്തരവ് നമ്പർ 33 [2021 ലെ കേരള രജിസ്ട്രേഷൻ മാന്വൽ പാർട്ട് II (വാല്യം 1) -ലെ ഉത്തരവ് നമ്പർ 35 ] പ്രകാരം കാവലില്ലാതെ ഒരു സമയത്തും ഒരു രജിസ്ട്രേഷൻ ആഫീസും ഇടാൻ പാടില്ലാത്തതാണ്. സബ് രജിസ്ട്രാർ ആഫീസുകളിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള വിലപ്പെട്ട രേഖകളുടേയും, ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, പണത്തിന്റെയും സംരക്ഷണത്തിന് രാത്രി കാവൽ അത്യന്താപേക്ഷിതമാണ്. രാത്രി കാവൽ നോക്കുന്ന ഓഫീസ് അറ്റൻഡന്റമാർ ഓഫീസ് അടയ്ക്കുന്നതു മുതൽ പിറ്റേ ദിവസത്തെ ഡ്യൂട്ടിയിലെ ആളെത്തുന്നതുവരെ ആഫീസിന് കാവൽ നിൽക്കേണ്ടതാണ്. പ്രസ്തുത സർക്കുലറിൽ ചട്ടലംഘനമുണ്ടോയെന്നത് സംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടില്ല. |
| (ബി) | ഓഫീസ് കാവൽ നിർവ്വഹിക്കുന്നതിന് ആളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് നികുതി(ഇ)വകുപ്പിന്റെ ജി.ഒ(ആർ.റ്റി)നം.778/2014/നി.വ. പ്രകാരമുള്ള ഉത്തരവ് നാളിതുവരെയും നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | 26/09/2014-ലെ ജി.ഒ (ആർ.റ്റി) നം.778/2014/നി.വ. ഉത്തരവ് പ്രകാരം ഓഫീസ് കാവൽ നിർവ്വഹിക്കുന്നതിന് KEXCON ഏജൻസി മുഖാന്തിരം ആളെ നിയമിക്കുന്നതിനും, 01-07-2017-ലെ സ.ഉ(സാധാ) നം.536/2017/നി.വ പ്രകാരം ഇതിനായി ഒരു ഡ്യൂട്ടിക്ക് 675/- രൂപ നിരക്കിൽ ഒരു ദിവസം 2 ഡ്യൂട്ടിക്ക് 1350/-രൂപയും പ്രതിമാസം പരമാവധി 18,900/- രൂപയുമായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട് . എന്നാൽ 05-1-2014-ൽ KEXCON-മായി നടത്തിയ ചർച്ചയിൽ, 8 മണിക്കൂർ |

| | | | |
|---|---|---|---|
| | | | കൂടുതൽ ജോലി ചെയ്യണമെന്നതിനാൽ ഒരു ദിവസം രണ്ട് ഡ്യൂട്ടിയായി പരിഗണിച്ച് ശമ്പളം നൽകുന്നതിന് KEXCON ആവശ്യം ഉന്നയിച്ചിരുന്നു. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷന് രജിസ്ട്രേഷൻ വകുപ്പ് എന്ത് വിശദീകരണമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ? | (സി) | 01-07-2017 ലെ സ.ഉ. (സാധാ) നം. 536/2017/ നി.വ പ്രകാരം KEXCON-ൽ നിന്നും 311 സബ് രജിസ്ട്രാർ ഓഫീസുകളിലും (നിലവിൽ 315 ഓഫീസുകൾ) ആളെ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ടെന്നും, ടി ഉത്തരവ് പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ